(1)

# ഇന്ത്യയിൽ ധാർമ്മികമൂല്യങ്ങൾ തകരുകയാണോ?

— എൻ. വി. കൃഷ്ണവാരിയർ

## നിർവ്വചനം

അർഹത (worth), അഭിലഷണീയത (desirability), ഉപയോഗം (utility) എന്നിവയ്ക്ക് ആസ്പദമായ സവിശേഷതകളെ (qualities) ഇംഗ്ലീഷിൽ "വാല്യൂ" (value) എന്നു പറയുന്നു. "വാല്യൂ" എന്ന വാക്കിന്റെ തർജ്ജമ ആയാണ് നാം "മൂല്യം" എന്ന പദം ഉപയോഗിച്ചുവരുന്നത്. മനുഷ്യജീവിതത്തെ ജീവനാർഹവും അഭിലഷണീയവും സോപയോഗവും ആക്കുന്ന, സദാചാരപര (ethical) വും ആധ്യാത്മികവും (moral) ആയ, ഗുണവിശേഷങ്ങളത്രേ ധാർമ്മികമൂല്യങ്ങൾ. ഇവയില്ലാത്തപക്ഷം, എന്തെല്ലാം ഭൌതികമൂല്യങ്ങളുണ്ടായിരുന്നാലും, ജീവിതം കാമ്യമോ സഫലമോ ജീവിക്കാനർഹമോ ആയിരിക്കയില്ല എന്ന് നാം വിശ്വസിക്കുന്നു.

എല്ലാ മതഗ്രന്ഥങ്ങളിലും (ശ്രുതികൾ) ആചാരഗ്രന്ഥങ്ങളിലും (സ്മൃതികൾ) ഈ ഗുണവിശേഷങ്ങൾ വിസ്തരിച്ചു പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. "ശ്രുതയോ വിഭിന്നാഃ" എന്നു പരമാർത്ഥംതന്നെയെങ്കിലും, എല്ലാ ശ്രുതികളിലും സ്മൃതികളിലുമുള്ള സമാനങ്ങളായ തത്വങ്ങളെ ക്രോഡീകരിച്ച് സാർവ്വലൌകികവും സർവ്വജനീനവുമായ ഒരു ധാർമ്മികമൂല്യവ്യവസ്ഥയ്ക്കു രൂപം നൽകുക പ്രയാസമുള്ള കാര്യമല്ല. ഭൂമണ്ഡലത്തിന്റെ വ്യത്യസ്തമേഖലകളിൽ സഹസ്രാബ്ദങ്ങളിലൂടെ നടത്തിയ ജീവിതയാത്രക്കിടയിൽ മനുഷ്യവർഗ്ഗങ്ങൾ നേടിയ സഞ്ചിത വിവേകത്തിന്റെ സാരസംഗ്രഹമായി ഈ ധാർമ്മികമൂല്യ വ്യവസ്ഥയെ പരിഗണിക്കാം. കാലദേശോ

ഗ്രന്ഥലോകം സിലോൺ ....

പാധിഭേദമനുസരിച്ചു് ഇവയുടെ പ്രയോഗത്തിൽ അല്പാല്പം വ്യത്യാസങ്ങൾ ആവശ്യമായി വന്നേക്കാം. എങ്കിലും ഏതു പരിതഃസ്ഥിതിയിലും ഏതു കാലഘട്ടത്തിലും ഈ മൂല്യങ്ങൾ പൊതുവെ മനുഷ്യജീവിതത്തിന്നു് ലക്ഷ്യവും അൎത്ഥവും പ്രദാനംചെയ്യുന്ന ധ്രുവതാരങ്ങളായി വൎത്തിക്കുകതന്നെ ചെയ്യുന്നു

## ഇന്ത്യയിൽ

സ്വാതന്ത്ര്യത്തിന്നുശേഷം ഇക്കഴിഞ്ഞ ഇരുപതുവൎഷങ്ങളിൽ ഇന്ത്യയിൽ ധാൎമ്മികമൂല്യങ്ങൾ തകൎന്നുവരുകയാണെന്ന ബോധം ഇന്നു് പരക്കെയുണ്ടു്. വിദേശീയാധിപത്യകാലത്തു് ഈ രാജ്യത്തു കണ്ടുവന്നിരുന്ന എല്ലാ കുഴപ്പങ്ങൾക്കും ഉള്ള ഉത്തരവാദിത്വം വിദേശീയരുടെ തലയിൽ കെട്ടിവെച്ചു് സ്വയം ഊററം നടിക്കുവാനുള്ള വാസന ഇവിടെയുണ്ടായിരുന്നു. സ്വാതന്ത്ര്യം ലബ്ധമായതോടെ ഈ സൌകൎയ്യം നമുക്കു് നഷ്ടപ്പെട്ടു. നമ്മുടെ തിന്മകൾക്കെല്ലാമുള്ള ഉത്തരവാദിത്വം ഇന്നു നാം തന്നെ ഏറെറടുത്തേ തീരൂ. നമ്മുടേതു് ഒരു "നാറിപ്പുളിച്ച സാമൂഹ്യ വ്യവസ്ഥിതി''യാണെങ്കിൽ എന്തുകൊണ്ടു് സ്വതന്ത്രരായ നാം അതു് പുനസ്സംവിധാനം ചെയ്യുന്നില്ല ? ഈ ബോധത്തിന്നു് ധാൎമ്മികാധഃപതനത്തെച്ചൊല്ലിയുള്ള ഇന്നത്തെ വാദകോലാഹലങ്ങളിൽ വലിയൊരു പങ്കുണ്ടു്

സ്വാതന്ത്ര്യസമരത്തിൻെറ നേതൃത്വം ഗാന്ധിജിയിലൎപ്പിതമായിരുന്നകാലത്തു് പരമ്പരാഗതമായ ഭാരതീയ സംസ്കാരത്തിലധിഷ്ഠിതമായ, അല്പവിഭവമെങ്കിലും സന്തുഷ്ടമായ, ഗ്രാമീണജീവിതമായിരുന്നു ഇന്ത്യയുടെ ദേശീയലക്ഷ്യമായി എടുത്തുകാണിക്കപ്പെട്ടിരുന്നതു്. ഗാന്ധിജിക്കു് സത്യം—മിക്കവാറും മതപരമായ അൎത്ഥത്തിലാണിതു്—ആയിരുന്നു ഈശ്വരൻ; സത്യാനുസന്ധാനമായിരുന്നു ജീവിതലക്ഷ്യം; അഹിംസയായിരുന്നു സത്യസാക്ഷാൽക്കാരത്തിന്നുള്ള മാൎഗ്ഗം. ജീവിതലക്ഷ്യം നേടുന്നതിന്നു് ഏകാദശസേവകൾ ഏവരും അനുഷ്ഠിക്കേണ്ടതാണെന്നു് ഗാന്ധിജി വിശ്വസിച്ചു



അഹിംസ, സത്യ, മസ്തേയം,
ബ്രഹ്മചര്യ, മസംഗ്രഹം,
ശരീരശ്രമ, മസ്വാദം,
സൎവ്വത്ര ഭയവൎജ്ജനം,
സൎവ്വധൎമ്മ സമാനത്വം,
സ്വദേശി, സ്പൎശഭാവന'' — ഇവയായിരുന്നു ഈ ഏകാദശസേവകൾ. യോഗദൎശനത്തിലെ യമനിയമങ്ങൾ, ബൌദ്ധരുടെ അഷ്ടാംഗമാൎഗ്ഗം എന്നിവയോടു് ഈ സേവകൾക്കുള്ള ബന്ധം പ്രകടമാണു്

എന്നാൽ സ്വാതന്ത്ര്യോത്തര ഭാരതത്തിൻെറ ലക്ഷ്യം യന്ത്രവൽകൃതമായ വ്യാവസായിക സമുദായമായി. ഇതിന്നുള്ള പ്രചോദനമാകട്ടെ ആധുനിക പാശ്ചാത്യനാഗരികതയാണു് നമുക്കു നൽകിയതു്. യന്ത്രവൽകൃത വ്യാവസായിക വിപ്ലവം ഇവിടെ നടപ്പിലാക്കുന്നതിന്നു് നാം കൈക്കൊണ്ട മാൎഗ്ഗം ഒരുതരം "കൺട്രാക്ടർ ഇക്കോണമി''യായിരുന്നു; തന്മൂലം, കമ്മിപ്പണമടിച്ചും വൻതോതിൽ വിദേശങ്ങളിൽനിന്നു കടം വാങ്ങിയും ഇന്ത്യയിൽ നിക്ഷേപിക്കപ്പെട്ട മൂലധനത്തിൻെറ വലിയൊരു ഭാഗം ഏതാനും കൺട്രാക്ടർമാരുടേയും അവരുടെ പാൎശ്വവൎത്തികളുടേയും കയ്യിലായി. അമേരിക്കൻ ജനാധിപത്യത്തിൻെറ വളൎച്ചയിൽ ഒരു കാലഘട്ടത്തിൻെറ സവിശേഷതയായി സാമ്പത്തികശാസ്ത്രജ്ഞന്മാർ നിൎദ്ദേശിച്ചിട്ടുള്ള ആഡംബരവ്യയം—Conspicuous consumption—ഇന്ത്യയിലും സാൎവ്വത്രികമായിത്തീൎന്നു. ചുററും ജനങ്ങൾ നരകിക്കുമ്പോൾ ഒരാൾ എത്രമാത്രം ആഡംബരത്തോടെ, എത്രയധികം പണം അനാവശ്യമായി ചെലവു ചെയ്യുന്നു എന്നതായി മാന്യതയുടെ മാനദണ്ഡം. ധനം എല്ലാ മാനുഷികബന്ധങ്ങളുടേയും കേന്ദ്രബിന്ദുവായി. അതിനാൽ എന്തുചെയ്തും ധനം—വമ്പൻധനം (big money)—സമ്പാദിക്കാനുള്ള പരക്കംപാച്ചിൽ തുടങ്ങി

സ്വാതന്ത്ര്യം ലഭിച്ചെങ്കിലും ബ്രിട്ടീഷ് ഭരണവ്യവസ്ഥ തന്നെയാണു് ഇവിടെ അഭംഗുരമായി തുടൎന്നതു്. ഈ വ്യവസ്ഥപ്രകാരം എല്ലാ അധികാരങ്ങളും യഥാൎത്ഥത്തിൽ ഉദ്യോ

ഗസ്ഥ മേധാവികളുടെ കൈയിൽ കേന്ദ്രീകൃതമായിരുന്നു. പാർല്ലിമെൻറ് എന്തു നിയമമുണ്ടാക്കിയാലും, അതു നടപ്പിൽ വരാതെനോക്കാൻ ഉദ്യോഗസ്ഥമേധാവികൾക്കു് കഴിയും. ഈ ഉദ്യോഗസ്ഥമേധാവികളിൽ മിക്കവരും ഒരു നിശ്ചിത വിലയുടെ വാങ്ങപ്പെടാവുന്ന സാമാന്യമനുഷ്യരാണുതാനും. ഭാരിച്ച അധികാരങ്ങൾ അവരിൽ നിക്ഷിപ്തമായിരിക്കുന്നു. ഇങ്ങിനെയാണു്, രാജാജി വളരെ മൂർത്തമായി വിവരിച്ചിട്ടുള്ള "ക്വോട്ട-പെർമിററ് 'ലൈസൻസ്-രാജ്'" ഇവിടെ വേരൂന്നിയതു്. അഴിമതി മുകളിലാരംഭിച്ച് താഴേക്കു വ്യാപിച്ചു. എല്ലാവരും കോഴവാങ്ങിത്തുടങ്ങി. നികുതിപിരിക്കുന്ന ഉദ്യോഗസ്ഥൻ രശീതി നൽകണമെങ്കിൽ അതിന്നു കോഴ വേറെ കൊടുക്കണമെന്ന നിലയാണു് ഇന്നു്

ഗാന്ധിജി വധിക്കപ്പെട്ടു. പട്ടേൽ മരിച്ചു. നെഹ്റു അഴിമതിയുടെ നേരെ കണ്ണടച്ചു. പിന്നെപ്പിന്നെയുള്ള മഹാനേതാക്കൾ ധനികരായ വ്യവസായികളുടെ ക്രീതദാസന്മാർ മാത്രമായി. മുന്ധ്ര, ദാൽമിയ, ഡോക്ടർ തേജ മുതലായവർ ചില്ലറ പരുക്കുകളോടുകൂടിയെങ്കിലും വിജയശ്രീലാളിതരായി, ഭാരതീയ ജനതയുടെ ആധുനിക വീരപുരുഷന്മാരായിത്തീർന്നു. ഒരു പോറൽപോലും പററാതെ മന്ത്രിസഭകളെ വാഴിക്കുകയും വീഴിക്കുകയും ചെയ്യുന്ന മഹാരഥന്മാരെപ്പററിയും നമുക്കറിയാം. മക്കളുള്ള മന്ത്രിപുംഗവന്മാർ അവർക്ക് വലിയ ശമ്പളമുള്ള നാമമാത്രജോലികൾ നൽകാൻ ഈ വ്യവസായപ്രഭുക്കളെയാണാശ്രയിക്കുന്നതു്. മക്കളില്ലാത്തവർക്ക് മരുമക്കളുണ്ടല്ലോ. ഉദ്യോഗമൊഴിഞ്ഞാൽ ഡയരക്ടരായോ പബ്ലിക്ക് റിലേഷൻസ് ഓഫീസ്സറായോ വേറെ എന്തെങ്കിലുമായോ ഇന്നത്തെ ഉദ്യോഗസ്ഥമേധാവികൾ നാളെ ആശ്രയിക്കേണ്ടതും ഇവരെത്തന്നെ

പത്രങ്ങളെ ഇവർ വില്ക്കു വാങ്ങി. വിലക്കു വാങ്ങാവുന്ന എഴുത്തുകാർ ഇവരുടെ തൊഴുത്തുകളിൽ പുളഞ്ഞു. അതിന്നു കൂട്ടാക്കാത്തവർ നിത്യദാരിദ്ര്യത്തിന്റെ കുററിക്കാട്ടുകളിലേക്കു് തുരത്തപ്പെട്ടു. ഈശ്വരന്റെ പ്രതിപുരുഷന്മാരെന്നവകാശപ്പെടുന്ന സിദ്ധന്മാർപോലും ഇവരുടെ സംരക്ഷ



ണം സസന്തോഷം സ്വീകരിച്ചു. രാഷ്ട്രത്തിന്റെ കായവാങ്മാനസങ്ങളാകുന്ന ത്രിവിധ കരണങ്ങളിൽ മാത്രമല്ല, ആത്മാവിൽക്കൂടി ദുരാചാരാർജ്ജിതമായ ധനത്തിന്റെ ആധിപത്യം സ്ഥിരപ്രതിഷ്ഠമായി

## ക്ഷാമസമ്പദ്‌വ്യവസ്ഥ

ഇരുപതുകൊല്ലത്തെ സ്വാതന്ത്ര്യത്തിന്നുശേഷം ഇന്ത്യയിൽ വികസിച്ചുവന്ന സമ്പദ്‌വ്യവസ്ഥയെ വിദഗ്ദ്ധർ "ക്ഷാമ സമ്പദ്‌വ്യവസ്ഥ" (Scarcity Economy) എന്നാണു് വിളിച്ചിട്ടുള്ളതു്. ഭക്ഷണത്തിന്നു്, തൊഴിലിന്നു്, പാർപ്പിടത്തിന്നു്, വിദ്യാഭ്യാസത്തിന്നു്, രോഗശുശ്രൂഷക്കു്, എല്ലാം ക്ഷാമമാണു്. ക്ഷാമമില്ലാത്തതു് ജനങ്ങൾക്കു് മാത്രം. ഈ നിലയിൽ, ഒരു ബീഡിക്കു് നാലാളുകൾ മത്സരിക്കുമ്പോൾ, കരിഞ്ചന്തയും പൂഴ്ത്തിവെപ്പും മായംചേർക്കലും എങ്ങിനെ ഒഴിവാക്കാം? ഈ സ്ഥിതിയിൽനിന്നു അടുത്തെങ്ങാൻ മോചനമുണ്ടാകുമെന്ന ആശക്കും വഴിയില്ല. "1975 ആവുമ്പോഴേക്കു് ലോകത്തിലെ മിക്കു രാജ്യങ്ങളും കഠിനമായ ക്ഷാമത്തിന്റെ കെടുതികളിൽ ആഴ്ന്നുപോകുമെന്നും, അമേരിക്കയിൽ പോലും അന്നു് കയററി അയക്കാൻ ധാന്യങ്ങളുണ്ടാവില്ലെന്നുമാണു് സാമ്പത്തികവിദഗ്ദ്ധരുടെ പ്രവചനം. അണ്വായുധയുദ്ധത്തിലൂടെയോ പകർച്ചവ്യാധികളിലൂടെയോ അതിന്നു് മുമ്പു് വലിയതോതിൽ ആളുകൾ ചത്തൊടുങ്ങുന്നില്ലെങ്കിൽ, പട്ടിണികൊണ്ടു് 1975 മുതല്ക്കങ്ങോട്ടു്, ഒരുപക്ഷെ അതിന്നു മുമ്പുതന്നെ, വളരെയധികം പേർ ഇഹലോകവാസം ഉപേക്ഷിക്കേണ്ടിവരും. ഇന്ത്യയിൽ, ഏതായാലും, ശാശ്വതമായ ക്ഷാമം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു എന്നു് വിശ്വസിക്കുന്ന ആളുകൾ കുറവല്ല

## ഉദാരജനാധിപത്യവും മൌലികാവകാശങ്ങളും

ഏററവുമധികം ആദർശപൂർണ്ണമായ ഒരു ഭരണവ്യവസ്ഥയാണു് സ്വതന്ത്രഭാരതം അംഗീകരിച്ചതു്. എല്ലാവർക്കും

അങ്ങേ അററത്തെ അവകാശങ്ങൾ; നന്നെ ചുരുക്കംമാത്രം കടമകളും. ആട്ടിൻപററത്തെ സംരക്ഷിക്കുന്ന സുശിക്ഷിതരായ നായ്ക്കളെക്കാൾ കൂടുതൽ ശുഷ്കാന്തിയോടെ വ്യക്തിയുടെ അവകാശങ്ങൾ സംരക്ഷിയ്ക്കാൻ ബ്രിട്ടീഷ് പാരമ്പര്യത്തിൽ വേരൂന്നിയ നമ്മുടെ ജുഡിഷ്യറി ജാഗരൂകമാണ്. ജനങ്ങൾക്ക് പട്ടിണിയിൽനിന്നോ നിരക്ഷരത്വത്തിൽനിന്നോ, മോചനം നമ്മുടെ ഭരണഘടന വാഗ്ദാനം ചെയ്യുന്നില്ല. അതു് ഇന്നത്തെ പരിതസ്ഥിതിയിൽ സാദ്ധ്യവുമല്ല. എന്നാലും, സ്വകാര്യ സ്വത്തിന്നു് പൂർണ്ണമായ സംരക്ഷണം ഭരണഘടന നല്കുന്നുമുണ്ട്. പൊതുനന്മയ്ക്കുവേണ്ടി സ്വകാര്യ സ്വത്തിലുള്ള അവകാശം ബലികഴിക്കേണ്ടിവരുന്നതിനെ തടയുവാൻ പററിയില്ലെങ്കിൽ കഴിയുന്നത്ര കൂടുതൽ താമസിപ്പിക്കുവാനെങ്കിലും നമ്മുടെ കോടതികൾക്ക് സാധിക്കും. അതവർ ജാഗ്രതയോടെ ചെയ്യുന്നുമുണ്ട്. സ്വകാര്യസ്വത്ത് എങ്ങിനെ നേടിയതാണെന്ന ചോദ്യം പ്രസക്തമല്ല. അതു് കള്ളനോട്ടടിച്ചുണ്ടാക്കിയതാകാം; കള്ളക്കടത്തുകൊണ്ടുണ്ടാക്കിയതാകാം; ഗവമ്മേണ്ടിനെപ്പററിച്ചുണ്ടാക്കിയതാകാം. എന്നാൽ, ഒരു ഘട്ടം കഴിഞ്ഞാൽ അതു് വിശുദ്ധമായിത്തീരുന്നു. പിന്നെ അതിനെ തൊട്ട കൈ കൊത്തിയേ മതിയാവൂ. അണക്കെട്ടിനേക്കാൾ പ്രധാനമാണ് അതിൻെറ ഫലമായി വെള്ളം കേറിയേക്കാവുന്ന ഏതാനും സ്വകാര്യത്തരിശുഭൂമി. ആണക്കെട്ടിനെ ബലികഴിച്ചും ഈ സ്വകാര്യത്തരിശുഭൂമിയുടെ ഉടമസ്ഥൻെറ മൌലികാവകാശത്തെ സംരക്ഷിച്ചേ മതിയാവൂ. ഇതാണ് നാം മനസ്സിലാക്കിയിട്ടുള്ള ലിബറൽ ഡെമോക്രസി. ഇതാണ് നമ്മുടെ രാഷ്ട്രീയ തത്വശാസ്ത്രം

## ദാരിദ്ര്യം പങ്കുവെച്ചുകൂടാ

സോഷ്യലിസം ഇന്ത്യയിൽ ലക്ഷ്യമായി അംഗീകരിച്ച നെഹ്റു ദാരിദ്ര്യം പങ്കുവെക്കുന്നതിന്നെതിരായിരുന്നു. ദാരിദ്ര്യം പങ്കുവെക്കാതെ സമ്പന്നതയിലേക്ക് കയറുവാൻ പററിയാൽ നന്നു്. പക്ഷെ പററുമോ? ഈ പരീക്ഷണമാണ് ഇവിടെ നടക്കുന്നതു്. ഇന്നോളം കണ്ട ഫലം; നഗര



പരിസരങ്ങളിൽ ചെററക്കുടിലുകൾ പെരുകിവരുന്നു; പ്രതിശീർഷവരുമാനം ആണ്ടോടാണ്ട് ചുരുങ്ങുന്നു; റേഷൻ ചുരുങ്ങിച്ചുരുങ്ങി തീരെ ഇല്ലാതാവുന്നു

ദാരിദ്ര്യം പങ്കുവെക്കുന്നതിന്നു് എതിരാണ് ഇന്ത്യയിലെ എല്ലാ രാഷ്ട്രീയപാർട്ടികളും. പിടിച്ചുപറിക്കാനുള്ള വാസന (predatory instinct) യാണ് ഈ നിലപാടിൻെറ ഫലമായി വളർന്നുവന്നിട്ടുള്ളതു്. ഓരോരുത്തരും തൻെറ അയൽക്കാരിൽനിന്നു് കഴിയുന്നത്ര കൂടുതൽ പിടിച്ചുപറിക്കുന്നു.

## പരിഹാരമുണ്ടോ?

ഭൌതികാധഃപതനത്തിൻ്റെ ഫലമാണ് ധാർമ്മികാധഃപതനം. രണ്ടും ഒരു നാണയത്തിൻെറ രണ്ടു വശങ്ങളാകുന്നു. ഭൌതികാധഃപതനത്തെ തടഞ്ഞുനിർത്താതെ ധാർമ്മികാധഃപതനത്തെ തടഞ്ഞുനിർത്താനാവില്ല. രണ്ടു രംഗങ്ങളിലും ഒരേ സമയം പ്രവർത്തനം നടക്കേണ്ടിയിരിക്കുന്നു. പക്ഷെ കൂടുതൽ ശ്രദ്ധ വേണ്ടതു് ഭൌതികാധഃപതനത്തെ തടയുന്നതിലാണ്. കാരണം, ഭൌതികജീവിതമാണ് അടിത്തറ; ധാർമ്മികജീവിതം അതിൽ പടുത്തുയർത്തുന്ന മേൽനില മാത്രം.

അധഃപതനത്തെപ്പററി പറയുന്നതുകൊണ്ടു് കാര്യമുണ്ടോ? അഴിമതിയെ സാമാന്യവൽക്കരിക്കുകവഴി, അതിനോടുള്ള നമ്മുടെ പ്രതികരണത്തിൻെറ മൂർച്ച കുറയ്ക്കാനും, അങ്ങിനെ അഴിമതിയെ ത്രക്ഷതരമാക്കാനുമല്ലേ ഈ വാചാലത ഉപകരിക്കൂ? ഈ ചോദ്യം പ്രസക്തമാണ്. കുറെയൊക്കെ ശരിയുമാണ്. കള്ളനെച്ചൊല്ലിയുള്ള മുറവിളിക്കിടയിൽ കള്ളൻ കടന്നുകളയുന്നതു് അസാധാരണമല്ല

പക്ഷെ, ഇന്നത്തെ സ്ഥിതിയെക്കുറിച്ച് ജനങ്ങൾക്കിടയിൽ യഥാർത്ഥമായ ബോധമുണ്ടാക്കുന്നതു് അതിലേറെ ആവശ്യമാണ്. രോഗം കണ്ടറിഞ്ഞു വേണമല്ലോ ചികിത്സിക്കാൻ. ഇവിടെയാകട്ടെ രോഗിതന്നെ ചികിത്സ നിർവ്വ

ഹിക്കേണ്ടിയുമിരിക്കുന്നു. നമ്മുടെ പ്രശ്നം ഏതെങ്കിലുമൊരു പാർട്ടിയുടെ (അല്ലെങ്കിൽ പാർട്ടികളുടെ) സർക്കാരിന്റെ സ്ഥാനത്ത് മറേറതെങ്കിലുമൊരു പാർട്ടിയുടെ (അല്ലെങ്കിൽ പാർട്ടികളുടെ) സർക്കാർ സ്ഥാപിക്കുകയല്ല എന്നും, ഇന്നത്തെ വ്യവസ്ഥിതിയുടെ അടിസ്ഥാനദോഷങ്ങൾ കണ്ടറിഞ്ഞു് അവക്ക് മൌലികമായ രീതിയിൽ പരിഹാരം നടപ്പാക്കുകയാണെന്നും ജനങ്ങൾ മനസ്സിലാക്കട്ടെ. ഈ പരിഹാരം രോഗത്തെപോലെ–ഒരുപക്ഷെ അതിലേറെ–ദുസ്സഹമാണെന്നുവരാം. ചിലപ്പോൾ നമ്മുടെ വിലപ്പെട്ട മൌലികാവകാശങ്ങൾ കുറേക്കാലത്തേക്ക് ഉപേക്ഷിക്കേണ്ടതായിവരാം. ഒരിക്കൽ ഉപയോഗിച്ചവ പിന്നീട് തിരിച്ച്കിട്ടാൻ ശക്തിയായ സമരംതന്നെ വേണ്ടിവന്നേക്കാം. ചിലപ്പോൾ സമ്പന്നത നിർമ്മിച്ച് പങ്കിടുവാൻ കാത്തിരിക്കാതെ, ഉടൻതന്നെ, നമുക്ക് ഉള്ള ദാരിദ്ര്യം പങ്കിടേണ്ടതായിവരാം. എല്ലാവർക്കും സാക്ഷരത്വം നല്കാനുള്ള പ്രാഥമികവിദ്യാലയങ്ങൾ നിർമ്മിക്കുന്ന പരിശ്രമത്തിൽ നമുക്ക് ഏതാനും ഗവേഷണശാലകൾ അടച്ചുപൂട്ടേണ്ടതായി വന്നേക്കാം.

എന്താണ് പ്രശ്നത്തിന്റെ കാതൽ? എന്താണ് പരിഹാരം? പരിഹാരം അംഗീകരിക്കുകയോ നല്ലതു്, പ്രശ്നവുമായി സന്ധിചെയ്തുകൂട്ടുകയോ നല്ലതു്? ഓപ്പറേഷൻ ആപല്ക്കരമെങ്കിൽ രോഗവുംവെച്ച്, അല്ലറചില്ലറ മരുന്നുകളുമായി, കഴിയുന്നത്ര ദിവസങ്ങളെങ്കിലും ജീവിക്കുകയല്ലെ കാര്യം? എന്തിന് സാഹസം ചെയ്യുന്നു?

ഇതെല്ലാം ആലോചിക്കുന്നതു് നല്ലതാണ്. മറെറാരു പ്രയോജനവുമില്ലെങ്കിൽ ബുദ്ധിക്ക് അല്പം വ്യായാമമെങ്കിലുമാകട്ടെ.